LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

244 (3950) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-7-2020-ന് മത്സ്യബന്ധനത്തിനിടെ വള്ളം മറിഞ്ഞ് മരണപ്പെട്ട വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ പള്ളിപ്പോർട്ട് കരയിൽ അന്നനടയ്ക്കൽ വീട്ടിൽ ലീലാധരന്റെ ക്ഷേമനിധി ആനുകൂല്യങ്ങൾ ടിയാളുടെ കുടുംബത്തിന് ലഭിക്കുന്നതിൽ നേരിട്ടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ലീലാധരൻ 26-7-2020-ന് മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഇൻഷ്വറൻസ് ക്ലെയിം അപേക്ഷയിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ്, കെമിക്കൽ അനാലിസിസ് റിപ്പോർട്ട്, ന്യൂസ് പേപ്പർ കട്ടിംഗ്, ഡയാറ്റം ടെസ്റ്റ് റിപ്പോർട്ട് എന്നീ രേഖകൾകൂടി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ആവശ്യപ്പെട്ടിരുന്നു. ആയത് എറണാകുളം മേഖല ഓഫീസിൽനിന്നും അപേക്ഷകയെ അറിയിച്ചിട്ടുണ്ട്. ആവശ്യപ്പെട്ട രേഖകൾ അപേക്ഷകയിൽനിന്ന് ലഭ്യമാകാത്തതിനാലാണ് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്.

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നമുറയ്ക്ക് അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യം

245 (3951) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

&